സംസ്ഥാനത്തെ പോലീസ് സേനയിലെ ആകെ അംഗബലം 51,626 (അൻപത്തിയൊന്നായിരത്തി അറുനൂറ്റി ഇരുപത്തിയാറ്) ആണ്. അതിൽ വനിതകളുടെ എണ്ണം 4,380 (നാലായിരത്തി മുന്നൂറ്റി എൺപത്) ആണ്. ആയത് തസ്തിക തിരിച്ച് അനുബന്ധമായി *ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്; പരിശോധിച്ചു വരുന്നു.

(സി) സംസ്ഥാന പോലീസ് സേനയിൽ എത്ര ഐ.പി.എസ്. തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ കേഡർ, നോൺ കേഡർ തസ്തികകൾ എത്രയെന്ന് അറിയിക്കാമോ?

സംസ്ഥാന പോലീസ് സേനയിൽ 94 ഐ.പി.എസ്. കേഡർ തസ്തികകളാണ് നിലവിലുള്ളത്. ഇവയിൽ നിലവിൽ 60 തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ 15 എക്സ് കേഡർ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ, 4 സ്റ്റേറ്റ് ഡെപ്യൂട്ടേഷൻ തസ്തികകളിലും ഐ.പി.എസ് ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നുണ്ട്. സംസ്ഥാന ഐ.പി.എസ്.-ൽ നോൺ കേഡർ തസ്തികകൾ നിലവിലില്ല.

(ഡി) കഴിഞ്ഞ 10 വർഷം സംസ്ഥാനത്തെ പോലീസ് സേനയിൽ ഐ.പി.എസ്. കൺഫർ ചെയ്ത ഉദ്യോഗസ്ഥരുടെ എണ്ണം അവരുടെ പേര് വിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷം സംസ്ഥാന പോലീസ് സേനയിൽ 76 ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. കൺഫർ ചെയ്തിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## ഇറ്റലിയിൽനിന്നുള്ള വ്യക്തിയുടെ പോലീസ് ആസ്ഥാന സന്ദർശനം

84(5430) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറ്റലിയിൽ നിന്നുള്ള അനിത പുല്ലയിൽ എന്ന വ്യക്തി പോലീസ് ആസ്ഥാനത്ത് വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വന്നിരുന്നുവെന്നും പ്രസ്തുത വ്യക്തിയുടെ സന്ദർശനം ഏതൊക്കെ തീയതികളിൽ ആയിരുന്നുവെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് ആസ്ഥാനത്തെ സന്ദർശക പുസ്തകത്തിലെ രേഖകളനുസരിച്ച് രണ്ടു തവണയാണ് സന്ദർശിച്ചിട്ടുള്ളത്. അത് 11-1-2019, 27-7-2019 എന്നീ തീയതികളിലാണ്.

(ബി) അന്നത്തെ ഡി.ജി.പി.-യുമായി ഇവർ കൂടിക്കാഴ്ച നടത്തിയിരുന്നോ?

കൂടിക്കാഴ്ച നടത്തിയിരുന്നു.

(സി) പ്രസ്തുത വ്യക്തി ഏതെങ്കിലും പരാതികൾ സമർപ്പിച്ചിരുന്നോയെന്നും എങ്കിൽ പ്രസ്തുത പരാതികൾ ഏതൊക്കെയെന്നും പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

സഹോദരനായ ലിൻസൺ എന്നയാളെ കാണ്മാനില്ലെന്നു കാണിച്ച് ശ്രീമതി ലിനിത വിത്സൺ കെ.എ., വെള്ളാങ്കല്ലൂർ എന്നയാളിന്റെ പരാതിയിന്മേൽ നിയമനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രവാസി മലയാളി ഫെഡറേഷൻ ഭാരവാഹി എന്ന നിലയിൽ ശ്രീമതി അനിത പുല്ലയിൽ മുൻ സംസ്ഥാന പോലീസ് മേധാവിയെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ നിർദ്ദേശത്തെത്തുടർന്ന് പ്രസ്തുത പരാതിയിന്മേൽ ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ ക്രൈം നം. 689/2019 u/s 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 31-8-2019-ന് റോമിലുള്ള ലിൻസണുമായി വീഡിയോ കോൾ മുഖാന്തരം ബന്ധപ്പെടുകയും തുടർന്ന് കേസ് Further Action Dropped (FAD) ആയി പരിഗണിച്ച് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

**ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ**

85(5431) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലേയ്ക്ക് നടക്കുന്ന വിവിധ റിക്രൂട്ട്മെന്റുകളിൽ ഉദ്യോഗാർത്ഥികൾക്കായി നടത്തുന്ന പോലീസ് വെരിഫിക്കേഷനുകളിൽ മാസ്ക് ധരിക്കാത്തതിന് പെറ്റി അടച്ചവരെയും അദാലത്തുകളിൽ പെറ്റി അടച്ച് കേസ് തീർപ്പാക്കിയവരെയും നിലവിൽ കേസിൽ ഉൾപ്പെട്ടിട്ടുള്ളവരോടൊപ്പം കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെറ്റി കേസിൽപ്പെട്ടവരെയും കേസ് തീർപ്പാക്കിയവരെയും കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടണമെന്നുള്ള സർക്കാർ ഉത്തരവോ, കോടതി ഉത്തരവുകളോ നിലവിലുണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly